## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 565 — 27.7.2015 ൽ മറുപടിക്ക്

### അദ്ധ്യാപക സഹായി (ഹാൻഡ് ബുക്ക്) ലഭ്യമാക്കാത്ത നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സുരേഷ്കുറുപ്പ്:<br>ഡോ.ടി.എം തോമസ് ഐസക്ക്:<br>ഡോ. കെ.ടി ജലീൽ<br>ശ്രീ. എം. ഹംസ | ശ്രീ. പി.കെ.അബ്ദുറബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | അദ്ധ്യാപക സഹായി (ഹാൻഡ് ബുക്ക്) ഈ അദ്ധ്യയനവർഷം അച്ചടിച്ച് വിതരണം ചെയ്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | അദ്ധ്യയനവർഷം ആരംഭിച്ച് ഒന്നാംപാദ പരീക്ഷ തുടങ്ങാറായിട്ടും ഹാൻഡ്ബുക്ക് ലഭിക്കാതെ അദ്ധ്യാപകർ പ്രയാസപ്പെടുകയാണെന്ന കാര്യം അറിവുള്ളതാണോ; | (ബി) | അദ്ധ്യാപക സഹായിയുടെ ആദ്യഭാഗങ്ങൾ അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്. കുടാതെ എസ്.സി.ഇ.ആർ.ടി വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇവ ഉപയോഗിച്ച് കാര്യക്ഷമമായി ക്ലാസുകൾ നടത്തുന്നതിന് അദ്ധ്യാപകർക്ക് പ്രയാസം നേരിടുന്നില്ല. |
| (സി) | അദ്ധ്യാപക സഹായി അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമാണ്; പ്രസ്തുത നടപടി ക്രമങ്ങൾ പാലിക്കപ്പെടാത്തതെന്തുകൊണ്ട്; | (സി) | പാഠപുസ്തക നിർമ്മാണം പൂർത്തിയായതിനുശേഷം അതിനനുസരിച്ചാണ് അദ്ധ്യാപക സഹായി എസ്.സി.ഇ.ആർ.ടി തയ്യാറാക്കുന്നത്. ഇത് വിവിധ കമ്മിറ്റികളുടെ പരിശോധനയ്ക്കും |

അംഗീകാരത്തിനും ശേഷം സോഫ്റ്റ് കോപ്പിയുടെ രൂപത്തിലാക്കി എസ്.സി.ഇ.ആർ.ടി ടെണ്ടർ ക്ഷണിച്ചാണ് പ്രിന്റിംഗിനു നൽകുന്നത്. പ്രിന്റ് ചെയ്യുന്ന സ്ഥാപനം തന്നെയാണ് സർവ്വശിക്ഷാ അഭിയാൻ, രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ എന്നിവയുടെ ജില്ലാ പ്രോജക്ട് ഓഫീസുകൾ മുഖേന അദ്ധ്യാപക സഹായികൾ വിതരണം ചെയ്യുന്നത് ഇതിനായുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | പാഠപുസ്തക അച്ചടി വൈകുന്നതും അദ്ധ്യാപക സഹായി ലഭ്യമാക്കാത്തതുമായ നടപടികൾ പൊതുവിദ്യാഭ്യാസ മേഖലയെ തകർക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ഡി) | 1 മുതൽ 10 വരെ ക്ലാസുകളിലെ പാഠപുസ്തക അച്ചടി പൂർത്തിയായി.. അദ്ധ്യാപക സഹായികളുടെ അച്ചടി പുരോഗമിക്കുന്നു. പൂർത്തിയാകുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്. |
| (ഇ) | അദ്ധ്യാപക സഹായി എന്നത്തേക്ക് ലഭ്യമാക്കാനാകുമെന്ന് വ്യക്തമാക്കാമോ; പൊതുവിദ്യാഭ്യാസ രംഗത്ത് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഉണ്ടായിട്ടുള്ള ആശങ്കയകറ്റുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ? | (ഇ) | അച്ചടിച്ച പതിപ്പുകൾ ഈ മാസം തന്നെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ അദ്ധ്യാപക സഹായികളും എസ്.സി.ഇ.ആർ.ടിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.. |

Sheela

സെക്ഷൻ ഓഫീസർ